(ബി) പ്രസ്തുത യൂണിറ്റുകൾക്ക് ഓഫീസും മറ്റ് ഭൗതിക സൗകര്യങ്ങളും ഏർപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ ;

(സി) യൂണിറ്റ് സൂപ്പർവൈസർ തസ്തിക അപ്ഗ്രേഡ് ചെയ്യാൻ നിർദ്ദേശമുണ്ടോ ; എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിലെ പെർഫോമൻസ് ഓഡിറ്റ് മാസത്തിലൊരു തവണ വീതമാക്കുക എന്ന ലക്ഷ്യം മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് സർക്കാർ തീരുമാനം എടുക്കുകയോ 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയോ ചെയ്തിട്ടില്ല.

(ബി) നിലവിൽ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകൾക്കുള്ള ഓഫീസ് സൗകര്യങ്ങൾ അതാത് യൂണിറ്റിന് കീഴിലുള്ള ഏതെങ്കിലുമൊരു പഞ്ചായത്തിനോടനുബന്ധിച്ചോ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിനോടനുബന്ധിച്ചോ ഒരുക്കിയിട്ടുണ്ട്.

(സി) യൂണിറ്റ് സൂപ്പർവൈസർ തസ്തിക അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് നിർദ്ദേശം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

മിഷൻ 676 പ്രകാരം കൊല്ലം ജില്ലയിലുള്ള പദ്ധതികൾ

171 (7470) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പ് കൊല്ലം ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ ഫണ്ട് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നുമുതൽ ആരംഭിക്കും എന്നറിയിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി പുരോഗതി അവലോകനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പഞ്ചായത്ത് ഡയറക്ടർ നൽകിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു: നഗരകാര്യ ഡയറക്ടറിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

1. ഭവന നിർമ്മാണം

(i) ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പ്രകാരം 31-5-2012-ന് മുമ്പ് എഗ്രിമെന്റ് വച്ചതും എന്നാൽ പണി പൂർത്തീകരിക്കാത്തതുമായ മുഴുവൻ ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണം പൂർത്തീകരിക്കൽ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

(ii) പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എസ്.സി./എസ്.ടി. വകുപ്പ് മുഖേന വീട് നൽകുന്ന പദ്ധതി.

2. പാട്ടക്കൃഷി

കുടുംബശ്രീയുമായി ചേർന്ന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം പഞ്ചായത്ത് സെക്രട്ടറിയ്ക്ക് ഏറ്റെടുത്ത് കൃഷി ചെയ്യാവുന്ന ഭൂമിയിൽ ഭൂവുടമ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, കുടുംബശ്രീ എന്നിവയുടെ ത്രികക്ഷി കരാറിലൂടെ പാട്ടക്കൃഷി ചെയ്യുന്നതിനുള്ള പദ്ധതി.

3. മാതൃകാ അറവുശാലകൾ

ഗ്രാമപഞ്ചായത്തുകളിൽ ആധുനിക അറവുശാല നിർമ്മിക്കുന്ന പദ്ധതി.

4. ഗ്യാസ് ക്രിമിറ്റോറിയം

ഗ്രാമപഞ്ചായത്തുകളിൽ ഗ്യാസ് അധിഷ്ഠിത ശ്മശാനം നിർമ്മിക്കുന്ന പദ്ധതി

5. ഖരമാലിന്യ സംസ്കരണ പദ്ധതി

ഗ്രാമ പഞ്ചായത്തുകളിൽ ശുചിത്വമിഷനുമായി ചേർന്ന് വിവിധ തരം മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കാൻ പദ്ധതി.

(ബി)

1. ഇ.എം.എസ്. ഭവന പദ്ധതി

(i) ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി വായ്പ മുഖേന നടപ്പാക്കുന്നു.

(ii) പട്ടികവർഗ്ഗ ഭവന നിർമ്മാണ പദ്ധതി എസ്.സി/എസ്.ടി. വകുപ്പ് മുഖേന നടപ്പിലാക്കുന്നു.

2. പാട്ടക്കൃഷി

കുടുംബശ്രീ മുഖേന ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതം/ തനത് ഫണ്ട്/കുടുംബശ്രീ ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

3. മാതൃകാ അറവുശാല

മാതൃകാഅറവുശാല നിർമ്മാണത്തിന് സർക്കാർ ധനസഹായം കൂടാതെ പദ്ധതിയിൽ നിന്നും ഫണ്ട് നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4. ഗ്യാസ് ക്രിമിറ്റോറിയം

സർക്കാരിൽ നിന്നുള്ള ധനസഹായം കൂടാതെ പദ്ധതിയിൽ നിന്നും ഫണ്ട് നൽകുന്നു.

5. ഖരമാലിന്യ സംസ്കരണം

സർക്കാരിൽ നിന്നുള്ള ധനസഹായം കൂടാതെ പദ്ധതിയിൽ നിന്നും ഫണ്ട് വിതരണം ചെയ്യുന്നു.

(സി) പ്രസ്തുത പദ്ധതികളുടെ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

മിഷൻ 676-ന്റെ ഭാഗമായി ടെറസ് ഫാമിംഗ്, ഹോം സ്റ്റെഡ് ഫാമിംഗ്

172 (7471) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന ടെറസ് ഫാമിംഗ് യൂണിറ്റുകൾ, ഹോം സ്റ്റെഡ് ഫാമിംഗ് യൂണിറ്റുകൾ എന്നിവ ആരംഭിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയെത്രയാണ് ;

(ബി) ഇതിനാവശ്യമായ മാനവശേഷി, കാർഷിക ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(ബി) ടെറസ് കൃഷിക്കായി എം.കെ.എസ്.പി. പദ്ധതിവഴി പഞ്ചായത്തുകൾതോറും എഫ്.എഫ്.സി. കളിലൂടെ യന്ത്രങ്ങൾ ഉപയോഗിക്കാനും കൃഷി സഹായത്തിനായി കാർഷികസേന എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ജൈവകൃഷിക്കാവശ്യമായ വളങ്ങൾ, കുടുംബശ്രീയുടെ തന്നെ ജെ.എൽ.ജി. ഗ്രൂപ്പുകൾവഴി ശേഖരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ഖരമാലിന്യ സംസ്കരണ പദ്ധതിക്ക് സാമ്പത്തിക സഹായം

173 (7472) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ന്റെ ഭാഗമായി നടപ്പാക്കുന്ന, ഗ്രാമപഞ്ചായത്തുകളിലെ വീടുകളിലെയും വ്യാപാര വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഖരമാലിന്യ സംസ്കരണ പദ്ധതിക്കാവശ്യമായ സാമ്പത്തിക സഹായം സർക്കാർ ഫണ്ടിൽ ഉൾപ്പെടുത്തി നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly